# ഇടുക്കി ജില്ലാ കളക്ടറുടെ നടപടിക്രമം

## (ഹാജർ - ഷീബ ജോർജ്ജ് ഐ.എ.എസ്)

വിഷയം : ജില്ലാ ആസൂത്രണ സമിതി, ഇടുക്കി- ജില്ലാ തല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റി സ്ഥിരം ക്ഷണിതാക്കളെ ഉൾപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം:
1) തദ്ദേശ സ്വയംഭരണ (ഡി സി) വകുപ്പിന്റെ 20.10.2022 ലെ സ.ഉ.(സാധാ) നം. 2550/2022/LSGD നമ്പർ സർക്കാർ ഉത്തരവ്.
2) ഈ ഓഫീസിലെ 10.03.2023 ലെ ഇതേ നമ്പർ നടപടി ക്രമം.
3) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 14/12/2022 ലെ 1246/എ8/2022/കെ എസ് ബി ബി നമ്പർ കത്ത്.
4) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 14.12.2022 ലെ കൺസർ എ 5/3909/2019/കെ എസ് ബി ബി നമ്പർ നടപടിക്രമം.
5) 09.06.2023 ൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ് നം.677/2022/ഡിപിസി/ഡിപിഒ/ ഐഡികെ/ ഡിബിസിസി തീയതി: 09.08.2023**

തദ്ദേശഭരണ സ്ഥാപനതലത്തിൽ ജൈവപരിപാലന സമിതികൾക്കാവശ്യമായ വിദഗ്ദോപദേശങ്ങൾ യഥാസമയം നല്കുന്നതിനും, പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാതല മോണിറ്ററിംഗ് സംവിധാനമെന്ന നിലയിൽ ജില്ലാ ആസൂത്രണ സമിതിയുടെ ഉപസമിതിയായി പരാമർശം (1) പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റി (District Level Biodiversity Co-ordination Committee) രൂപീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റിയിലേക്ക് സ്ഥിരം ക്ഷണിതാക്കളായി അഞ്ചിൽ കുറയാത്ത വിദഗ്ധരെ തിരഞ്ഞെടുക്കുമ്പോൾ സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് രൂപീകരിച്ചിട്ടുള്ള ടി എസ് ജി അംഗങ്ങളിൽ നിന്നും 3-4 അംഗങ്ങളെ കൂടി ഉൾപ്പെടുത്താവുന്നതാണെന്ന് മെമ്പർ സെക്രട്ടറി, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

ആയത് പ്രകാരം ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റിയിലേക്ക് സ്ഥിരം ക്ഷണിതാക്കളായി ഡോ. എം മുരുകൻ, ഡോ. സാജൻ എബ്രഹാം, ശ്രീ ആർ മോഹൻ, അഡ്വ. റെനീഷ് മാത്യു എന്നിവരെ പരാമർശം (4) പ്രകാരം ഉൾപ്പെടുത്തിയ നടപടിക്ക് പരാമർശം (5) പ്രകാരം ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നല്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജില്ലയിൽ ജില്ലാ ആസൂത്രണ സമിതിയുടെ ഉപസമിതി എന്ന നിലയിൽ ജില്ലാതല ജൈവ വൈവിധ്യ കോർഡിനേഷൻ കമ്മിറ്റി താഴെപ്പറയും പ്രകാരം സ്ഥിരം ക്ഷണിതാക്കളെയും കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1. | ശ്രീ.കെ റ്റി ബിനു, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി | ചെയർപേഴ്സൺ |
| 2. | ജില്ലാ പ്ലാനിംഗ് ഓഫീസർ | കൺവീനർ |
| 3. | ജില്ലാ കോർഡിനേറ്റർ, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് | ജോയിന്റ് കൺവീനർ |
| 4. | പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൊടുപുഴ | അംഗങ്ങൾ |
| 5. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മാങ്കുളം, മറയൂർ, മൂന്നാർ കോതമംഗലം, കോട്ടയം | ,, |
| 6. | ജില്ലാ മൃഗ സംരക്ഷണ ഓഫീസർ, ഇടുക്കി | ,, |
| 7 | പ്രോജക്റ്റ് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ യൂണിറ്റ് (PAU), ഇടുക്കി | ,, |
| 8. | ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ഇടുക്കി | ,, |

| | | |
|---|---|---|
| 9. | അസി. ഡയറക്ടർ, ഫിഷറീസ് വകുപ്പ്, ഇടുക്കി | ,, |
| | **ഡിപിസി നാമനിർദ്ദേശം ചെയ്യുന്ന 5 പേർ** | **സ്ഥിരം ക്ഷണിതാക്കൾ** |
| 10. | ശ്രീമതി. കെ. ജയ, സർക്കാർ നോമിനി, ജില്ലാ ആസൂത്രണ സമിതി, ഇടുക്കി | ,, |
| | **ജില്ലാ ആസൂത്രണ സമിതി നാമനിർദ്ദേശം ചെയ്യുന്ന ജില്ലാതല ടെക്നിക്കൽ സപ്പോർട്ട്ഗ്രൂപ്പിൽ ഉൾപ്പെട്ടിട്ടുള്ള 4 അംഗങ്ങൾ** | ,, |
| 11. | ഡോ. എം മുരുഗൻ, പ്രൊഫ. & ഹെഡ്, കേരള കാർഷിക സർവ്വകലാശാല, ഏലം ഗവേഷണ കേന്ദ്രം, പാമ്പാടുംപാറ പി.ഒ, ഇടുക്കി | ,, |
| 12. | ആർ. മോഹൻ, പ്രസിഡന്റ്, മൂന്നാർ വൈൽഡ് ലൈഫ് സൊസൈറ്റി & ബിഎംസി മെമ്പർ, മൂന്നാർ ഗ്രാമപഞ്ചായത്ത് | ,, |
| 13. | അഡ്വ. റെനീഷ് മാത്യു, പെണ്ടാനത്ത് ഹൗസ്, കുണിഞ്ഞി പി ഒ, തൊടുപുഴ | ,, |
| 14. | ഡോ.സാജൻ എബ്രഹാം, അസോസിയേറ്റ് പ്രൊഫ. & എച്ച് ഒ ഡി, ന്യൂമാൻ കോളേജ്, തൊടുപുഴ | ,, |
| | **ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ** | **സ്ഥിരം ക്ഷണിതാക്കൾ** |
| 15. | ശ്രീ. എം ലതീഷ്, ജില്ലാ പ്രസിഡൻറ് ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, ഇടുക്കി. | ,, |
| 16. | ശ്രീ. ജോർജ്ജ് ജോസഫ്, ജില്ലാ സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, ഇടുക്കി. | ,, |
| | **ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ** | **സ്ഥിരം ക്ഷണിതാക്കൾ** |
| 17. | ശ്രീമതി. മാലതി പി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, ജില്ലാ പ്രസിഡൻറ് ഇടുക്കി. | ,, |
| 18. | ശ്രീ. മാത്യു കെ ജോൺ, ജില്ലാ സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, ഇടുക്കി. | ,, |
| | **നഗരസഭാ ചെയർമാൻ പ്രതിനിധി** | **സ്ഥിരം ക്ഷണിതാക്കൾ** |
| 19. | ശ്രീ. സനീഷ് ജോർജ്ജ്, ചെയർമാൻ, തൊടുപുഴ മുനിസിപ്പാലിറ്റി | ,, |

പരാമർശം (2) പ്രകാരം പ്രതിപാദിച്ചിട്ടുള്ള ഉത്തരവിലെ മറ്റു വ്യവസ്ഥകൾ അതേപ്രകാരം തുടരുന്നതാണ്.

(ഒപ്പ്)
**ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി**
**ജില്ലാ ആസൂത്രണ സമിതി**

പകർപ്പ്:

1. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ, ഇടുക്കി
2. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
3. ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, ഇടുക്കി (തദ്ദേശ ഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിലേയ്ക്കായി)
4. ബന്ധപ്പെട്ട എല്ലാ അംഗങ്ങൾക്കും
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**ജില്ലാ പ്ലാനിംഗ് ഓഫീസർ (ഇൻ ചാർജ്)**